LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭ്യമായ വിവരങ്ങൾ പ്രകാരം കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തിക; വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തിക; വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക; സർവ്വെയും ഭൂരേഖയും വകുപ്പിലെ സർവ്വെ സൂപ്രണ്ട് തസ്തിക, ലാന്റ് റവന്യൂ വകുപ്പിലെ പി.എസ്.സി. മുഖേന നേരിട്ട് നിയമനം ലഭിക്കുന്ന ഡെപ്യൂട്ടി കളക്ടർ തസ്തിക, സിവിൽ സപ്ലൈസ് വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ; വാണിജ്യ നികുതി വകുപ്പിൽ നേരിട്ട് നിയമനം ലഭിക്കുന്ന കൊമേഴ്യൽ ടാക്സ് ഓഫീസർ തസ്തിക, ക്ഷീരവികസന വകുപ്പിൽ ഡയറിഫാം ഇൻസ്ട്രക്ടർ തസ്തിക; ആരോഗ്യവകുപ്പിനുകീഴിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ അനലിസ്റ്റ് ഗ്രേഡ് III, ഡ്രഗ്സ് ഇൻസ്പെക്ടർ, നഗരകാര്യ വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III, ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പട്ടികജാതി വികസനവകുപ്പിലെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II എന്നീ തസ്തികകളിൽ പ്രീ സർവ്വീസ് പരിശീലനം നൽകുന്നുണ്ട്.

(ബി & സി) ഇവയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ, വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സിവിൽ സപ്ലൈസ് വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് നൽകുന്ന പ്രീ സർവ്വീസ് പരിശീലനകാലം ഇൻ സർവ്വീസ് ആയി പരിഗണിക്കുന്നുണ്ട്. ഡയറിഫാം ഇൻസ്ട്രക്ടർ തസ്തികയിലെ പ്രീസർവ്വീസ് പരിശീലനകാലം സർവ്വീസായി പരിഗണിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ബാക്കിയുള്ള തസ്തികകളിലെ പ്രീസർവ്വീസ് പരിശീലനകാലം ഇൻ സർവ്വീസ് ആക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

പുതിയ തസ്തികകൾ

4 (1735) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു; ഓരോന്നിന്റേയും വിശദാംശം വകുപ്പടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പുതിയ തസ്തികകൾ അനുവദിച്ചതിലൂടെ സംസ്ഥാനത്തിന് എത്ര രൂകയാണ് അധിക ബാധ്യതയായി വന്നിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി)

22-1-2014 വരെയുള്ള കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 22,058 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ സൃഷ്ടിച്ച 46 തസ്തികകളുടെ പേരും എണ്ണവും ചുവടെ ചേർക്കുന്നു :

അഡീഷണൽ സെക്രട്ടറി	- 2
ജോയിന്റ് സെക്രട്ടറി	- 1
ഡെപ്യൂട്ടി സെക്രട്ടറി	- 1
അണ്ടർ സെക്രട്ടറി	- 4
സെക്ഷൻ ഓഫീസർ	- 4
അസിസ്റ്റന്റ്	- 8
പി.എ.	- 6
ഓഫീസ് സൂപ്രണ്ട്	- 1
ടൈപ്പിസ്റ്റ്	- 2
ബൈന്ററർ	- 1
ബൈന്റിംഗ് സൂപ്പർവൈസർ	- 2
ഓഫീസ് അസിസ്റ്റന്റ്	- 1
ഓഫീസ് അറ്റൻഡന്റ്	- 7
ക്ലറിക്കൽ അസിസ്റ്റന്റ്	- 1
ഡോബി	- 2
ഫുൾ ടൈം ഫോട്ടോകോപ്പിയർകം	
കമ്പ്യൂട്ടർ കം ടെലഫോൺ ക്ലീനർ	- 2
അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ	- 1

സൈനിക ക്ഷേമ വകുപ്പിൽ 2 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ ഒരു എൽ.ഡി. ക്ലാർക്ക് തസ്തികയും കാസർഗോഡ് ജില്ലയിൽ ഒരു ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയുമാണ് സൃഷ്ടിച്ചത്. മറ്റ് വകുപ്പുകളിൽ സൃഷ്ടിച്ച തസ്തികകളുടെ എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. * 22-1-2014-ന് ശേഷമുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

പുതുതായി തസ്തികകൾ സൃഷ്ടിച്ചതുവഴി സർക്കാരിനുണ്ടായ അധിക ബാധ്യത തിട്ടപ്പെടുത്തിയിട്ടില്ല.

അഴിമതി നിർമ്മാർജ്ജനം

5 (1736) ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണസുതാര്യതയ്ക്കും അഴിമതി നിർമ്മാർജ്ജനത്തിനും വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഹൈക്കോടതിയോ കീഴ്ക്കോടതികളോ ആവശ്യപ്പെട്ടതുപ്രകാരം അഴിമതിക്കേസ്സുകളിൽ സർക്കാരിലുള്ളവരുമായി ബന്ധപ്പെട്ട് വീണ്ടും വിജിലൻസിന് അന്വേഷണം നടത്തേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളിൽ;

(സി) ഈ സർക്കാരിന്റെ കാലത്ത് അഴിമതി കേസുകളിൽ തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി വിജിലൻസ് സമർപ്പിച്ച റിപ്പോർട്ടുകൾ കോടതി തള്ളിക്കളയുകയോ തുടരന്വേഷണത്തിന് ഉത്തരവിടുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കേസുകളുടെ കാര്യത്തിൽ;

(ഡി) ഈ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ച ഏതെങ്കിലും കേസ്, കോടതി നിരാകരിക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഏതെല്ലാം വിജിലൻസ് കേസുകളാണ് സർക്കാർ പിൻവലിക്കാൻ തീരുമാനിച്ചത്?

ഉത്തരം

(എ) നിലവിലുള്ള വിവരാവകാശ നിയമപ്രകാരം ഭരണ സുതാര്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് വിവരാവകാശ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന എല്ലാ വിവരങ്ങളും നൽകാൻ വിജിലൻസ് വകുപ്പും അതിനു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly